# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുട്ടിക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

നമ്പർ: കെ.എസ്.എ.കെ.ടിഎം.പി11- 966/2025 തീയ്യതി: 08/07/2025

**കോട്ടയം ജില്ലയിലെ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-05-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.) | 04-06-2025 | 13-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-06-2025 | 13-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ സജിമോൻ വി.ജി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. അൽബിൻ സിറിയക്., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. അഗസ്റ്റിൻ സി തേവർകുന്നേൽ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. നിധിൻ കുമാർ പി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിജോയ് ജോസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി. സിന്ധുമോൾ. കെ. കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 27-04-2024 |
| ശ്രീമതി. ഗിരിജകുമാരി അയ്യപ്പൻ | സെക്രട്ടറി | 28-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ആർദ്ര ആൻ പോൾ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. സിന്ധു എസ് | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ഡോ. അഖില. എസ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ. [illegible] ബി.വി, ഓഡിറ്റർ | മെഡിക്കൽ ഓഫീസർ, സി എച്ച്. സി | 01-04-2024 | 31-03-2025 |
| ശ്രീ. പത്മകുമാർ. പി. ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. കണ്ണൻ. എസ്. പിള്ള | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ഡോ. പ്രശാന്ത്. എ. എം | മെഡിക്കൽ ഓഫീസർ, പി. എച്ച്. സി | 01-04-2024 | 03-08-2024 |
| ഡോ.റെക്സൺ പോൾ | മെഡിക്കൽ ഓഫീസർ, പി. എച്ച്. സി | 04-08-2024 | 06-02-2025 |
| ഡോ. സ്വപ്ന മഞ്ചരി | മെഡിക്കൽ ഓഫീസർ, പി. എച്ച്. സി | 07-02-2025 | 31-03-2025 |
| ശ്രീ.അജീഷ്. കെ. ജി | അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) | 01-04-2024 | 14-07-2024 |
| ശ്രീമതി വിദ്യ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) | 15-07-2024 | 27-12-2024 |
| ശ്രീ.അജീഷ്. കെ. ജി | അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) | 28-12-2024 | 14-03-2025 |
| ശ്രീമതി അനു സാബു | അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) | 15-03-2025 | 15-03-2025 |
| ശ്രീ.അജീഷ്. കെ. ജി | അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) | 16-03-2025 | 31-03-2025 |
| ശ്രീമതി. സിന്ധുമോൾ. കെ. കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 17-09-2024 |
| ശ്രീ ഷൈജു ഡി | അസിസ്റ്റന്റ് സെക്രട്ടറി | 18-09-2024 | 31-03-2025 |
| ശ്രീമതി സിൽവിയ ജോർജ് | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. | 1-1-1 |
| 3 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-2 |
| 4 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-3 |
| 5 | Government/Other ട്രസ്റ്റ് രജിസ്റ്റർ ആധികാരികമാക്കിയിട്ടില്ല. | 1-1-4 |
| 6 | ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല | 1-1-5 |
| 7 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-6 |
| 8 | അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല. | 1-1-7 |
| 9 | വരവ് തുക തെറ്റായ അക്കൗണ്ട് ഹെഡിൽ രസീത് ചെയ്തു. | 1-1-8 |
| 10 | വാങ്ങിയ ഭൂമിയുടെ യഥാർത്ഥ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | വാർഷിക പദ്ധതി അവലോകനം. | 1-5 |
| 15 | ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 19 | K-SMART അവലോകനം | 1-9-1 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | റവന്യൂ പിരിവിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 2.02 ലക്ഷത്തിൽപ്പരം രൂപ | 1-11 |
| 22 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തു നികുതി നിർണയിച്ചില്ല | 1-12 |
| 23 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചു | 1-13 |
| 24 | ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യ കെട്ടിടത്തെ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതി നഷ്ടം | 1-14 |
| 25 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള പാർപ്പിടങ്ങൾക്ക് ഇളവ് നൽകൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-15 |
| 26 | വസ്തു നികുതിയിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു | 1- 16 |
| 27 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണയിച്ചു | 1-17 |
| 28 | ലൈസൻസ് കൂടാതെ ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നു. | 1-18 |
| 29 | തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ | 1-19 |
| 30 | വിവിധ ആസ്തികളുടെ ലേലം - നടപടികളിൽ പുരോഗതിയില്ല | 1-20 |
| 31 | വളർത്തു നായകൾക്കുള്ള ലൈസൻസ്-നടപടി പ്രക്രിയകൾ പൂർണമല്ല | 1-21 |
| 32 | ഇ-ടെൻഡർ ഫീസ് കുടിശ്ശിക ഇനിയും ലഭ്യമായില്ല | 1-22 |
| 33 | ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല. | 1-23 |
| 34 | ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-24 |
| 35 | പാലിയേറ്റീവ് പരിചരണം - മെഡിക്കൽ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായില്ല | 1-25 |
| 36 | വക്കീൽ ഫീസ്- ആദായ നികുതി ടി.ഡി.എസ് നടത്തുന്നില്ല | 1-26 |
| 37 | ലൈഫ് ഭവന പദ്ധതി - നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-27 |

| | | |
|---|---|---|
| 38 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-28 |
| 39 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-29 |
| 40 | ജലജീവൻ മിഷൻ പദ്ധതി | 1-30 |


## ഭാഗം 2

--- No Records Found ---

## ഭാഗം 3 .

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | മെഡിസെപ്പ് പ്രീമിയം -ഈടാക്കൽ,ഒടുക്ക് വിശദാംശങ്ങൾ. | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 25.04.2025-ലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 15.05.2025 - ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി: 08.07.2025**

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

## 1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

31/03/2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) Data സൂക്ഷിച്ചിട്ടില്ല. 2011-12 മുതൽ 2023-24 വരെ Excess Of Income Over Expenditure കണക്കാക്കിയ രേഖകളും 2024-25 ലെ അറ്റ പ്രവർത്തനമിച്ചം ക്യാരി ഓവർ ചെയ്തതിന്റെ രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യം 31/03/2025 വരെയുള്ളത് വ്യക്തമാക്കുന്ന എല്ലാ രേഖകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതും മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-1-2 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റേയും മൂല്യത്തിന്റേയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-1-3 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2024-25 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

## 1-1-4 Government/Other ഡ്യൂസ് രജിസ്റ്റർ ആധികാരികമാക്കിയിട്ടില്ല.

സർക്കാരിലേക്കും വിവിധ ഏജൻസികളിലേക്കും ഒടുക്കാനുള്ള തുകകളുടെ വിനിമയം നിരീക്ഷിക്കുന്ന Government And Other Dues രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവിധ റിക്കവറികൾ ഒടുക്കാനുള്ളവയുടെ വിശദാംശം, ഇനം, ലഭിച്ച കാലയളവ് എന്നിവ ഉൾപ്പെടെ ലഭ്യമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(2)(ഡി) പ്രകാരം ഓരോ മാസാന്ത്യത്തിലും സർക്കാർ റിക്കവറികളുടെ ഒടുക്ക് നിരീക്ഷിക്കേണ്ടതും ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്. എസ്റ്റാബ്ലിഷ്മെന്റ് റിക്കവറികളുമായി ബന്ധപ്പെട്ട രജിസ്റ്ററും മറ്റ് സർക്കാർ റിക്കവറികളുടെ രജിസ്റ്ററും മുന്നിരിപ്പ് വിശദാംശം ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതും ഓരോ സാമ്പത്തിക വർഷാവസാനവും കണക്കുകൾ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-1-5 ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല

ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്യപ്പെട്ട 3.01 കോടി രൂപയുടെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ (Depreciation Calculation Sheet) വ്യക്തമാക്കിയിട്ടില്ല.

### 1-1-6 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക-പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തേണ്ടതാണ്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക-ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്.

### 1-1-7 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ രണ്ട് തവണ മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതി |
|---|---|---|
| 110100101 | Property Tax On Residential Building | 07.11.2024, 31.03.2025 |
| 110100102 | Property Tax On Non Residential Building | 07.11.2024, 31.03.2025 |
| 110200101 | Profession Tax Institution | 17.09.2024, 31.03.2025 |

### 1-1-8 വരവ് തുക തെറ്റായ അക്കൗണ്ട് ഹെഡിൽ രസീത് ചെയ്തു.

പെർമിറ്റ് ഫീസ് ഇനത്തിലുള്ള വരവ് തുകയായി 30.03.2025 ൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച 13166/- രൂപ തെറ്റായ ഹെഡിൽ രേഖപ്പെടുത്തിയാണ് രസീത് നൽകിയിട്ടുള്ളത്. ടി തുക Receivables On Property Tax On Residential Buildings എന്ന ടാക്സേഷൻ ഹെഡിലാണ് ഉൾപ്പെടുത്തിയത് (ഹെഡ് കോഡ് 431100101).

### 1-1-9 വാങ്ങിയ ഭൂമിയുടെ യഥാർത്ഥ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2024-25 ബാലൻസ് ഷീറ്റ് ബി-11(ഇ) ഷെഡ്യൂളിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി വാങ്ങിയ ഭൂമിയുടെ മൂല്യം 30,26,315/- രൂപയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ഭൂമി ഇടപാടിന്റെ ആധാരം പ്രകാരം സ്ഥലത്തിന്റെ വില 49,75,000/- രൂപയാണ്. ആയതിനാൽ ബാലൻസ് ഷീറ്റിലെ Local Self Government Institution Office Building- Land എന്ന ശീർഷകത്തിൽ 49,75,000/- രൂപയാണ് പ്രസ്തുത ഭൂമിയുടെ മൂല്യമായി രേഖപ്പെടുത്തേണ്ടത്.

### 1-2 ബജറ്റ്

2024-25 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 10.03.2025 -ലെ 2/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റിൽ മുൻപ് അംഗീകരിച്ച ബജറ്റിൽ നിന്നും വരവ്-ചെലവ് കണക്കുകളിൽ പ്രകടമായ വ്യത്യാസമുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | |
|---|---|---|
| | അവതരിപ്പിച്ചത് | പുതുക്കിയത് |
| മുന്നിരിപ്പ് | 5410651 | 5996096 |
| വരവ് | 187463892 | 155649868 |
| ആകെ | 192874543 | 161645964 |

| | | |
|---|---|---|
| ചെലവ് | 185934737 | 153972537 |
| നീക്കിയിരിപ്പ് | 6939806 | 7673427 |

ബജറ്റ് പ്രകാരം 19.29കോടി രൂപ വരവും 18.59 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2024-25 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 13.75 കോടി രൂപയും ചെലവ് 13.55 കോടി രൂപയുമാണുള്ളത്. ഒറിജിനൽ ബജറ്റ് പ്രകാരമുള്ള മതിപ്പ് വരവ്/ചെലവ് തുകകളും 2025-26 വർഷത്തെ ബജറ്റ് അവതരണത്തോടൊപ്പം നിയമാനുസൃതം തയ്യാറാക്കിയ 24-25 ലെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള മതിപ്പ് തുകകളും തമ്മിൽ കാര്യമായ വ്യതിയാനം ഉണ്ട്. വ്യവസ്ഥാപിതമായ രീതിയിൽ യാഥാർത്ഥ്യബോധത്തോടുകൂടി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

### റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 20622866 |
| ഓഡിറ്റ് വർഷത്തെ വരവ് | 40771446 |
| ആകെ | 61394312 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37519947 |
| നീക്കിയിരിപ്പ് | 23874365 |

### ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 137529260 |
| ആകെ ചെലവ് | 135490384 |
| ഗ്രോസ് സർപ്ലസ് | 2038876 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 80283 |
| അറ്റ പ്രവർത്തന ലാഭം | 2119159 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3212535/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17928000 | 17928000 | 17928000 | 00 | 100 |
| വികസന ഫണ്ട്-SCSP | 0 | 4605000 | 4605000 | 4124698 | 480302 | 89.56 |
| വികസന | 0 | 580000 | 580000 | 529881 | 50119 | 91.36 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട്-TSP | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied * | 21,26,203 | 3229758 | 5355961 | 4190433 | 1165528 | 78.24 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied* | 26,82,825 | 6785000*** | 9467825 | 4916426 | 4551399 | 51.93 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Basic Grant | 00 | 06 | 06 | 0 | 06 | 00 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 3410000 | 3410000 | 3161020 | 248980 | 92.70 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 12193000 | 12193000 | 10638554 | 1554446 | 87.25 |
| ICDS ഫണ്ട് | 27,22,835 | 940699 | 3663534 | 1124010 | 2539524 | 30.68 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 225340 | 00 | 225340 | 225340 | 00 | 100 |
| സാക്ഷരത | 3330 | 00 | 3330 | 3330 | 00 | 100 |
| ജലനിധി | 2591488 | 70532 (Int) | 2662020 | 00 | 2662020 | 00 |
| Health Grant-Infra Structure | 765586 | 307509(286000 + 21509 Int) | 1073095 | 504982 | 568113 | 47.06 |
| Health Grant-CHC Building | 2797392 | 77934 (Int) | 2875326 | 550000 | 2325326 | 19.12 |
| Health Grant-Wellness Centre | 4,42,360 | 491986(480000 + 11986 Int) | 934346 | 274010 | 660336 | 29.32 |

*, ** ILGMS പ്രകാരമുള്ള കണക്കുകൾ

*** 6785000 = 4531000(Allotment Of 2024-25) + 2254000 (Allotment Of 2023-24)

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യുന്നതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വികസന ഫണ്ടിന്റെ അലോട്ട്മെന്റായി സൂചിപ്പിച്ചിട്ടുള്ള തുകയിൽ സ്രോതസ്സിൽ കറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത് ജി.ഒ. പ്രോജക്ടുകൾ മുഖേന സ്രോതസ്സിൽ കറവ് ചെയ്യപ്പെട്ട തുകകൾ ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

**സ്രോതസിൽ നിന്ന് കറവു വരുത്തിയ തുകകളുടെ വിശദാംശങ്ങൾ**

| ഫണ്ട് | ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവ് | അംഗൻവാടി ഓണറേറിയം | ആകെ |
|---|---|---|---|
| വികസന | 3191999 | 1051200 | 4243199 |

| | | | |
|---|---|---|---|
| ഫണ്ട്(GEN) | | | |
| വികസന ഫണ്ട് (SCSP) | 580712 | 00 | 580712 |
| വികസന ഫണ്ട്(TSP) | 76652 | 00 | 76652 |

2. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ആകെ അലോട്ട്മെന്റിനൊപ്പം വരവായി ഉൾപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലെ പലിശ Grant Statement അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/Grant Statement അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

3. തൻവർഷത്തെ ധനകാര്യപത്രികപ്രകാരമുള്ള കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied And Untied Funds) ഇനത്തിലെ വരവു ചെലവുകൾ മേൽ പട്ടികയിൽ *, ** ചിഹ്നങ്ങൾ നൽകി നിർണയിച്ചിട്ടുള്ളത് കാണുക. ILGMS-ൽ തയ്യാറാക്കിയിട്ടുള്ള പ്രസ്തുത ഫണ്ടുകളുടെ ചെലവ് സാംഖ്യ, സുലേഖാ എന്നീ സോഫ്റ്റ് വെയറുകളിൽ തയ്യാറാക്കിയിട്ടുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. പി.എഫ്.എം.എസ്. മുഖേന തുക കൈമാറുന്നതിലുള്ള കാലതാമസമാണ് മുന്നിരിപ്പ്, ചെലവ് ഇനങ്ങളിലെ ഈ വ്യതിയാനങ്ങൾക്ക് കാരണം.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 വാർഷിക പദ്ധതി അവലോകനം.

**(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 262 | 120833739 | 205 | 61443075 | 57 | 78.24 |

**നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം**

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 3324750 | 2894250 |
| വെറ്ററിനറി സർജൻ | 10 | 09 | 2445100 | 1687673 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്. സി | 14 | 09 | 3703564 | 2072062 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 17 | 51198869 | 10220419 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17 | 12 | 6358000 | 4061498 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 64 | 46 | 14252373 | 14204171 |

| | | | | |
|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 05 | 05 | 2533069 | 2257788 |
| ഹെഡ്മിസ്ട്രസ് | 02 | 02 | 170000 | 155335 |
| അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) | 111 | 87 | 35469564 | 23105319 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 08 | 1378450 | 784560 |
| ആകെ | 262 | 205 | 120833739 | 61443075 |

പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ

| ഇനം | തീരുമാന നം./ തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 22.12.2023 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 28.12.23, 29.12.23, 30.12.23, 31.12.23, 01.01.24 |
| ഊരു കൂട്ടം | 27.12.2023 |
| ഭിന്നശേഷി ഗ്രാമസഭകൾ | 27.12.2023 |
| വയോജന ഗ്രാമസഭകൾ | 27.12.2023 |
| വികസന സെമിനാർ | 16.01.2024 |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 1(2)/ തീ. 11.02.2024 |
| ഭരണാനുമതി | 2(1)/ തീ. 15.03.2024 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം( ഭേദഗതിയുൾപ്പെടെയുള്ള അന്തിമ അംഗീകാരം) | 84898/24 /DPC/DPO/KTM തീ. 04.03.2025 |

**ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു**

- ആവിഷ്കരിച്ച പ്രോജക്ടുകളിൽ 262 പ്രോജക്ടുകളിൽ 205 എണ്ണം നടപ്പാക്കി.
- സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റ് തുകകൾ യഥാസമയം വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞു.
- കൃഷി-ക്ഷീരവികസന-മൃഗസംരക്ഷണ-സേവനമേഖലകളിൽ ആവർത്തന സ്വഭാവമുള്ളതെങ്കിലും ആവിഷ്കരിച്ച പ്രോജക്ടുകളിൽ മിക്കവയും നടപ്പാക്കി.
- കൃഷി ഓഫീസർ നടപ്പാക്കിയ ചെത്തിക്കൊട്ടുവേലി ഉപയോഗിച്ചുള്ള ജൈവവേലി നിർമാണം, കൂൺ കൃഷി, മട്ടുപ്പാവിലെ പച്ചക്കറി കൃഷി എന്നിവ ഈ മേഖലയിലെ ശ്രദ്ധേയമായ പ്രോജക്ടുകളാണ്.
- വൻതോതിൽ മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന പ്രദേശത്ത് മണ്ണൊലിപ്പ് തടയാനും ജലബഹിർഗമനം തടസ്സപ്പെടാതിരിക്കുന്നതിനും പര്യാപ്തമായ ശാസ്ത്രീയ ഇടപെടൽ കാർഷിക മേഖലയിൽ ഉണ്ടായില്ല.
- വനിതാ ഘടക പദ്ധതയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച പല പ്രോജക്ടുകളും നടപ്പാക്കിയില്ല. ഉദാ:

ജാഗ്രതാ സമിതി, കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസലിംഗ്, വനിതകൾക്ക് യോഗാ പരിശീലനം, പെൺകുട്ടികൾക്ക് കരാട്ടേ പരിശീലനം, മെൻട്രുവൽകപ്പ് വിതരണം-തുടങ്ങിയവ.

- വയോജനക്ഷേമത്തിന് വിവിധ പ്രോജക്ടുകൾ- വയോജനോത്സവം, പഠന യാത്ര, കട്ടിൽവിതരണം, ശ്രവണസഹായി വിതരണം - നടപ്പാക്കിയത് ശ്ലാഘനീയം.
- ഡയാലിസ് രോഗികൾക്ക് ധനസഹായം നൽകുന്ന പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും ആശുപത്രികൾക്ക് കൈമാറിയ മുൻകൂറുകൾ യഥാർത്ഥ ലക്ഷ്യം കൈവരിക്കാത്ത രീതിയിൽ തുടരുന്നു. പ്രത്യേക പരാമർശം ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.
- 2021 ഒക്ടോബർ 16-ലെ മഹാപ്രളയം സൃഷ്ടിച്ച ദുരന്തത്തിന്റെ കെടുതികളിൽനിന്ന് ഗ്രാമപഞ്ചായത്ത് വിമുക്തമാകുന്നതേയുള്ളൂ. പരിസ്ഥിതി ലോലമെന്നും ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യതയുള്ളതെന്നും വിലയിരുത്തപ്പെട്ടിട്ടും ശാസ്ത്രീയമായ ദുരന്ത മുന്നറിയിപ്പ് സംവിധാനങ്ങൾ സജ്ജീകരിക്കാൻ പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. മഴമാപിനി സ്ഥാപിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചിരുന്നുവെങ്കിലും നടപ്പായില്ല.
- അസി. എൻജിനിയർ നടപ്പാക്കിയ പ്രോജക്ടുകളിലൂടെ അനേകം ഗ്രാമീണ റോഡുകളുടെ നവീകരണം, കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ, അംഗൻവാടികൾ-സ്കൂളുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യവികസനം എന്നിവ സാധ്യമാക്കി. എന്നാൽ തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതു വഴി അധികച്ചെലവുണ്ടായി.
- ഭവന നിർമാണ മേഖലയിൽ ഗണ്യമായ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ലൈഫ് ഭവന പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലെ ഗുണഭോക്താക്കളിൽ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ 53 പേർ കരാറനുസരിച്ച് ഗൃഹ നിർമാണവും ഭവന നവീകരണവും പൂർത്തീകരിച്ചിട്ടില്ല.
- നിക്ഷേപ പ്രവൃത്തികൾക്കായി നിർവഹണ ഏജൻസികൾക്ക് തുക കൈമാറുന്നതിൽ പദ്ധതി പ്രവർത്തനം അവസാനിപ്പിക്കുന്നു. നൽകിയ തുക ഫലപ്രദവും സമയബന്ധിതവുമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടികളില്ല. വിനിയോഗ സാക്ഷ്യപത്രം/പദ്ധതി പൂർത്തീകരണ രേഖയില്ലാത്തതിനാൽ മുൻവർഷം വിവിധ ഏജൻസികൾക്ക് കൈമാറിയ ദശലക്ഷക്കണക്കിനുള്ള തുക ക്രമീകരിക്കാനുള്ള മുൻകൂറിനത്തിൽ ശേഷിക്കുന്നു.

അപാകതകൾക്ക് വിശദീകരണവും അതോടൊപ്പം പരിഹാര നടപടികളുടെ വിശദാംശങ്ങളും മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-6 ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് (01/04/2024) | 0 | Skilled Labour(DBT) | 1143983 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 2148317 | Unskilled Labour(DBT) | 24638905 |
| പലിശ വരവ് | 2780 | Material(DBT) | 6825917 |
| ആകെ നേരിട്ടുള്ള വരവ് | 2151097 | ആകെ DBT ചെലവ് | 32608805 |
| Skilled Labour | 1143983 | Administrative Expense | 3514347 |
| Unskilled Labour | 24638905 | | |
| Material | 6825917 | | |
| ആകെ DBT വരവ് | 32608805 | ആകെ നേരിട്ടുള്ള ചെലവ് | 3514347 |
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ | 1363250 | തനത് ഫണ്ടിലേക്ക് മുൻകൂർ തിരിച്ചടവ് | - |
| മറ്റ് വരവുകൾ | 0 | നീക്കിയിരിപ്പ്(31/03/2025) | 0 |
| ആകെ | 36123152 | ആകെ | 36123152 |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 27494700 | 1890 |
| കർഷക തൊഴിലാളി പെൻഷൻ | 2296000 | 144 |
| വിധവ പെൻഷൻ | 5949300 | 384 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 392000 | 25 |
| വികലാംഗ പെൻഷൻ | 2687500 | 173 |
| വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 09/06/2025-ന് 03:45 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 1730/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

### 1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാർഷിക കണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. നിർവ്വഹണോദ്യോഗസ്ഥർക്ക് പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കുന്നതിന് സാധിക്കാതിരുന്നവെന്നത് സർക്കാർ ഗ്രാന്റ് ഇനത്തിൽ ലഭ്യമായതിൽ വൻതുക ലാപ്സാകുന്നതിനിടയാക്കി. ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെയാണ് 2024-25 വർഷം ഫയലുകൾ കൈകാര്യം ചെയ്തത്. 01.04.2025 മുതൽ സ്ഥാപനത്തിൽ കെ സ്മാർട്ട് സംവിധാനം നടപ്പായിട്ടുണ്ട് .

### 2) അക്കൗണ്ടിംഗ് സംവിധാനം

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-1 ൽ പരാമർശിച്ചിട്ടുണ്ട്.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തിയിട്ടുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം .

വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് വാടക എന്നിവയുടെ പിരിവ് കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. തനത് വരുമാനം പരമാവധി പിരിച്ചെടുക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് വീഴ്ച്ച സംഭവിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ മുൻ വർഷങ്ങളിലേതുൾപ്പടെ 12.66 ലക്ഷം രൂപയോളം കടിശ്ശികയുണ്ട്. തനത് വരുമാനം കുറവുള്ള പഞ്ചായത്തായതിനാൽ നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ ആവശ്യമാണ്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൃത്യമായി നിരീക്ഷിക്കേണ്ടതാണ് . വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് വാടക എന്നിവയുടെ പിരിവ് കാര്യക്ഷമമാക്കി തനത് വരുമാനം വർധിപ്പിക്കുവാനുള്ള തീവ്രശ്രമം ഉണ്ടാവേണ്ടിയിരിക്കുന്നു.

5) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു. സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

6) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-9-1 K-SMART അവലോകനം

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ഇൻഫർമേഷൻ കേരളാ മിഷൻ (ഐകെഎം) രൂപകൽപ്പന ചെയ്ത ഓൺലൈൻ പ്ലാറ്റ്ഫോമാണ് കെസ്മാർട്ട്. കെ-സ്മാർട്ടിന്റെ പ്രവർത്തനങ്ങൾ 2025 ഏപ്രിൽ 1 മുതൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കി .കേരളത്തിലെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 2024 ജനുവരി 1 മുതൽ നടപ്പിലാക്കിയ കെ-സ്മാർട്ടിന്റെ സേവനങ്ങൾ 2025 ഏപ്രിൽ 1 മുതൽ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ലഭ്യമാക്കിയതോടെ 87 മുനിസിപ്പാലിറ്റികൾക്കും 6 കോർപറേഷനുകൾക്കുമൊപ്പം 941 ഗ്രാമ പഞ്ചായത്തുകളിലും, 152 ബ്ലോക്ക് പഞ്ചായത്തുകളിലും, 14 ജില്ല പഞ്ചായത്തുകളിലും കെ-സ്മാർട്ടിന്റെ സേവനങ്ങൾ ലഭ്യമായിത്തുടങ്ങി. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സേവനങ്ങൾ സമയബന്ധിതമായി ഓഫീസുകളിൽ പോകാതെ തന്നെ പൊതുജനങ്ങൾക്ക ലഭ്യമാകുന്നതിനായുള്ള ഓൺലൈൻ സേവനമാണ് കെ-സ്മാർട്ട്. കെ-സ്മാർട്ട് ആപ്ലിക്കേഷനിലൂടെ വിവിധ സേവനങ്ങൾക്കായുള്ള അപേക്ഷകളും പരാതികളും ഓൺലൈനായി സമർപ്പിക്കാനും അവയുടെ സ്റ്റാറ്റസ് ഓൺലൈനായി തന്നെ അറിയാനും സാധിക്കുന്നു. കൂടാതെ അപേക്ഷകളും പരാതികളും കൈപ്പറ്റിയതിന്റെ രസീത് പരാതിക്കാരന്റെ അല്ലെങ്കിൽ അപേക്ഷകന്റെ വാട്സ്ആപ്പിലും, ഇ-മെയിലിലും ഇന്റഗ്രേറ്റഡ് മെസേജിംഗ് സംവിധാനത്തിലൂടെ അയച്ച് കൊടുക്കുകയും ചെയ്യുന്നു. കെ-സ്മാർട്ടിലൂടെ, തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും അവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളെയും 35 മോഡ്യൂളുകളായി തിരിച്ച്, ഒറ്റ പ്ലാറ്റ്ഫോമിലൂടെ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നു. വെബ് പോർട്ടലിൽ സ്വന്തം ലോഗിൻ ഉപയോഗിച്ച് അതാത് മൊഡ്യൂളുകളിലെത്തി ആവശ്യമായ വിവരങ്ങൾ നൽകി സേവനം ലഭ്യമാക്കാം. കൂടാതെ സ്മാർട്ട് ഫോൺ ആപ്ലിക്കേഷനിൽ ഫോൺ നമ്പരും OTP- യും നൽകിയും ലോഗ് ഇൻ ചെയ്യാം. ബ്ലോക്ക് ചെയിൻ, നിർമ്മിത ബുദ്ധി, ജി.ഐ.എസ്/സ്പെഷ്യൽ ഡേറ്റ, ചാറ്റ് ബോട്ട്, മെസേജ് ഇന്റഗ്രേഷൻ, ക്ലൗഡ് കമ്പ്യൂട്ടിംഗ്, വിവിധ സോഫ്റ്റ് വെയറുകൾ തമ്മിലുള്ള എ.പി.ഐ 'ഇന്റഗ്രേഷൻ എന്നീ സാങ്കേതിക വിദ്യകളെ ഏകോപിപ്പിച്ചുകൊണ്ടാണ് കെ-സ്മാർട്ട് പ്രവർത്തിക്കുന്നത്.

ആദ്യ ഘട്ടത്തിൽ സിവിൽ രജിസ്ട്രേഷൻ (ജനന -മരണ വിവാഹ രജിസ്ട്രേഷൻ), ബിസിനസ് ഫെസിലിറ്റേഷൻ (വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസുകൾ), വസ്തു നികുതി, യൂസർ മാനേജ്മെന്റ്, ഫയൽ മാനേജ്മെന്റ് സിസ്റ്റം, ഫിനാൻസ് മൊഡ്യൂൾ, ബിൽഡിംഗ് പെർമിഷൻ മൊഡ്യൂൾ, പൊതുജന പരാതി പരിഹാരം തുടങ്ങിയ സേവനങ്ങളായിരിക്കും കെ- സ്മാർട്ടിലൂടെ ലഭ്യമാവുക. ലോഗിൻ ഐഡി ഉപയോഗിച്ച് വീഡിയോ കെവൈസിയും പൂർത്തിയാക്കുന്നതോടെ വിവാഹ രജിസ്ട്രേഷൻ ഉൾപ്പടെയുള്ള കാര്യങ്ങൾ വിദേശത്തിരുന്ന് തന്നെ ചെയ്യാൻ സാധിക്കും. കെ- സ്മാർട്ട് മൊബൈൽ ആപ്പിലൂടെയും വെബ് പോർട്ടലിലൂടെയും ഈ സേവനങ്ങൾ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാകും. ജീവനക്കാർക്ക് തുടക്കത്തിൽ ശരിയായ പരിശീലനം കിട്ടാത്തതിനാലുണ്ടായ ബുദ്ധിമുട്ട് ഒഴിച്ചാൽ നിലവിൽ നല്ല രീതിയിൽ കെ-സ്മാർട്ടിനെ പഞ്ചായത്ത് പ്രയോജനപ്പെടുത്തി വരുന്നു.തൊഴിൽ നികുതി അടക്കമുള്ള ഏതാനും മൊഡ്യൂളുകൾ കൂടി നിലവിൽ ആക്റ്റീവ് ആകാൻ അവശേഷിക്കുന്നുണ്ട്. ആക്റ്റീവ് ആകാൻ അവശേഷിക്കുന്ന മൊഡ്യൂളുകളിലെ ഇടപാടുകളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് പഞ്ചായത്തിൽ എത്തേണ്ട സാഹചര്യം നിലവിലുണ്ട്. ഈ മൊഡ്യൂളുകൾ കൂടി ആക്റ്റീവ് ആകുന്നതോടെ മാത്രമേ K-സ്മാർട്ട് അതിന്റെ പ്രാഥമിക ലക്ഷ്യം കൈവരിക്കുകയുള്ളൂ. ILGMS നെ അപേക്ഷിച്ച് കൂടുതൽ യൂസർ ഫ്രണ്ട്‌ലി സോഫ്റ്റ്‌വെയറാണെന്നുള്ളതും ആധാർ ബെയ്സ്ഡ് ലോഗിൻ സിസ്റ്റമായതിനാൽ കൂടുതൽ സുരക്ഷിതമാണെന്നുള്ളതും K സ്മാർട്ടിന്റെ എടുത്തു പറയേണ്ട മേന്മകളാണ്. വസ്തുനികുതി ഡേറ്റാബേസിനെ പ്രത്യേക മൊഡ്യൂളാക്കി കെ-സ്മാർട്ടിൽ ഉൾപ്പെടുത്തി ഡേറ്റാ കൈകാര്യം ചെയ്യുന്നത് ഈ വിഷയത്തിലെ നടപടികൾ സുതാര്യമാക്കും. കെട്ടിട നമ്പർ, അനുബന്ധ ഡേറ്റ എന്നിവ മറ്റുള്ള നികുതി നികുതീതര ഇനങ്ങളായ തൊഴിൽ നികുതി, വാടക, ലൈസൻസ് വരവുകളുടെ ഡേറ്റയുമായി ബന്ധിപ്പിക്കാവുന്നതും കെട്ടിടങ്ങളിൽ വിവിധ കാലയളവുകളിൽ വരുത്തുന്ന രൂപ മാറ്റം/അധിക നിർമാണം (ഉദാ. പഠനമുറി നിർമാണം പോലുള്ളവ) ഡേറ്റാ ബേസിൽ പ്രതിഫലിക്കുന്ന രീതിയിൽ ഡേറ്റാ ബേസ് Status Auto Updation ആകുന്ന രീതിയിൽ മൊഡ്യൂളിൽ ക്രമീകരണം വരുത്താവുന്നതുമാണ്. അപാകതകൾ പരിഹരിക്കപ്പെട്ട് പൂർണ്ണമായി പ്രവർത്തനസജ്ജമാകുന്നപക്ഷം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും, സുതാര്യവും, വേഗത്തിലുമാകുന്നതോടൊപ്പം പൊതുജനങ്ങൾക്കും ഏറെ ഗുണകരവും ഫലപ്രദവുമാകുന്ന സംവിധാനമെന്ന നിലയിൽ നിലവിൽ അഭിമുഖീകരിക്കുന്ന അപാകതകളും, ജീവനക്കാരും പൊതുജനങ്ങളും നേരിടുന്ന ബുദ്ധിമുട്ടുകളും കണ്ടെത്തി ഐകെഎം-ൽ റിപ്പോർട്ട് ചെയ്ത് ആയവ പരിഹരിക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. / തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2022 | 01/2022 മുതൽ 03/2022 വരെ | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.05.2018 മുതൽ 04.06.2018 വരെ | 2013-14 മുതൽ 2017-18 വരെ | LBA(HQ)11/1/8A-51 /2018-19/71/ 05.07.2018 |

## 1-11 റവന്യൂ പിരിവിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 2.02 ലക്ഷത്തിൽപരം രൂപ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വിഭവങ്ങൾ യഥാവിധി പിരിച്ചെടുക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന വിഷയം ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രത്യേകമായി പരിഗണിച്ചിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആകെ റവന്യൂ ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ (പൊതു വിഭാഗം) ഒരു ശതമാനം പിഴയായി

ഈടാക്കണമെന്ന് തങ്ങളുടെ രണ്ടാമത്തെ റിപ്പോർട്ടിലെ 8-ാം നമ്പർ ശുപാർശയായി കമ്മീഷൻ സർക്കാർ മുൻപാകെ സമർപ്പിക്കുകയുണ്ടായി. ഈ ശുപാർശ അംഗീകരിച്ച് സർക്കാർ ധനകാര്യവകുപ്പിന്റെ 18.10.2022-ലെ ജി.ഒ(എംഎസ്) 179/2022 നമ്പർ ഉത്തരവിലൂടെ പിഴ ഈടാക്കൽ നടപടിയ്ക്ക് 2022-23 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ പൊതു വിഭാഗം വികസന ഫണ്ടിന്റെ അലോട്ട്മെന്റ് ₹ 2,02,27,000/- രൂപയാണ്. 2024-25 സാമ്പത്തികവർഷം റവന്യ പിരിവിൽ 90% നേട്ടം കൈവരിക്കാതിരുന്നത് മുൻനിർത്തി പ്രസ്തുത തുകയിൽനിന്ന് ₹2,02,270/- (2,02,27,000 X 1%) സർക്കാർ തൻവർഷത്തെ അലോട്ട്മെന്റിൽ കറവു വരുത്തുന്നതാണ്. ലഭ്യമായ വരുമാനസ്രോതസുകളിൽ നിന്നുള്ള നികുതി വരുമാനം പൂർണമായി പിരിച്ചെടുക്കാതെ സർക്കാർ ഗ്രാന്റ് കൂടി നഷ്ടപ്പെടുത്തിയ സാഹചര്യം പിരിവ് വിഭാഗം ജീവനക്കാരുടെയും, മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വികസന പ്രവർത്തനങ്ങൾക്ക് വേണ്ടത്ര തനതു ഫണ്ട് കണ്ടെത്താൻ കഴിയാതെ വായ്പകളെയും സർക്കാർ ഗ്രാന്റുകളെയും ആശ്രയിക്കുന്ന ഗ്രാമപഞ്ചായത്ത് റവന്യ പിരിവിൽ വീഴ്ച വരുത്തിയത് ഒട്ടുംതന്നെ അംഗീകരിക്കാവുന്ന നടപടിയല്ല. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ വീഴ്ച്ച ആവർത്തിക്കാതിരിക്കാൻ കർശന മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അധികൃതരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-12 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തു നികുതി നിർണയിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 (1)(ബി) വകുപ്പിന് 2023-ൽ വരുത്തിയ ഭേദഗതിയനുസരിച്ച്, (നിയമനിർമ്മാണ (എ) വകുപ്പിന്റെ 28.03.2023-ലെ 15(2)/ലെഗ്.എ2/2023 നമ്പർ വിജ്ഞാപനം) "കേന്ദ്ര-സംസ്ഥാന സർക്കാർ വകയോ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളും" എന്ന വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങളെയാണ് വസ്തുനികുതിയിൽനിന്ന് ഒഴിവാക്കാവുന്നത്. എന്നാൽ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർത്തിരിക്കുന്ന അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നും വസ്തുനികുതി നാളിതുവരെ ഡിമാൻഡ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമ | നികുതി വിധേയമായ കാലയളവ് |
|---|---|---|---|
| 1 | 8/101A | JJM പബ്ലിക് സ്കൂൾ | 2023-24ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ |
| 2 | ലഭ്യമല്ല | KMJ പബ്ലിക് സ്കൂൾ | 2023-24ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ |

മേൽ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം.08/10.06.2025). പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമ

(നികുതിയിളവില്ല), ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് | കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡിന്റെ പേര് | കെട്ടിട ഉടമയുടെ വിവരം | കെട്ടിട നമ്പർ | മേഖല |
|---|---|---|---|---|---|
| 1 | എന്തയാർ ടൗൺ | കപ്പിയാങ്കൽ റോഡ് | സലിം, ചാമ്പലാക്കൽ, ഏന്തയാർ | 509H | ദ്വിതീയം |
| | | | രത്നമ്മ വിജയൻ, ഇണ്ടിയിൽ, ഏന്തയാർ | 509L | പ്രഥമം |
| 2 | കൂട്ടിക്കൽ ചപ്പാത്ത് | മുസ്ലീംപള്ളികോളനി റോഡ് | കെ എസ് മൊയ്തീൻ, കറ്റിയിൽ,കൂട്ടിക്കൽ | 237A | ദ്വിതീയം |
| | | | മുഹമ്മദ് കട്ടി, കാവുംകന്നേൽ,കൂട്ടിക്കൽ | 237 | പ്രഥമം |
| 3 | കൂട്ടിക്കൽ ചപ്പാത്ത് | ചപ്പാത്ത് നാല് സെന്റ് കോളനിറോഡ് | ചെല്ലപ്പൻ കെ, കാരന്താനം,കൂട്ടിക്കൽ ചപ്പാത്ത് | 374/A | ദ്വിതീയം |
| | | | ബേബി അച്ചൻകുഞ്ഞ്, ചാമക്കാലായിൽ,കൂട്ടിക്കൽ ചപ്പാത്ത് | 374C | ത്രിതീയം |

ഇപ്രകാരം സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/10.06.2025) സമർപ്പിച്ച മറുപടിയിൽ വസ്തുനികുതി നിർണയം നടത്തിയതിൽ തെറ്റ് പറ്റിയിട്ടുണ്ടോയെന്ന് സ്ഥലപരിശോധന നടത്തി പരിശോധിച്ച് അന്തിമറിപ്പോർട്ട് നല്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട് . സമാന രീതിയിൽ മറ്റു കെട്ടിടങ്ങളുടെ നികുതിനിർണ്ണയങ്ങളിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും അപ്രകാരം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

**1-14 ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യ കെട്ടിടത്തെ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതി നഷ്ടം**

ഗ്രാമപഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള

കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 40 രൂപ നിരക്കിലാണ് നിലവിൽ നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ നികുതി നിർണ്ണയ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 70 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. (കെട്ടിടത്തിന്റെ വസ്തുനികുതി അസസ്സ്മെന്റ് 2023 ഏപ്രിൽ 1-ന് മുൻപായതിനാൽ പഴയ നിരക്കിലുള്ള നികുതിയാണ് ബാധകമായിട്ടുള്ളത്). ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | കെട്ടിട നമ്പർ/ വിസ്തീർണ്ണം (ച.മീ) | നിർണ്ണയിക്കേണ്ട വസ്തു നികുതി (70 രൂപ/ ച.മി) | | | | ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം നിർണ്ണയിച്ചിരുന്ന വസ്തുനികുതി (40രൂപ/ ച.മി) | കുറവ് (സെസ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടുത്താതെ) |
|---|---|---|---|---|---|---|---|
| | | അടിസ്ഥാന വസ്തു നികുതി (രൂപ) | വർദ്ധനവ് (വഴി സൗകര്യം -20%) | കുറവ് | ആകെ | | |
| ജിയാസ് കരീം (കുന്നംപുറത്ത്, തെൻപുഴ ഈസ്റ്റ്, എന്നയാർ പി ഒ, | 10/198 A,B,C, 144.42 ച.മീ | 10109.4 | 2022 | - | 12132 | 6931 | 5201 |

നികുതി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/10.06.2023) മറുപടിയായി സ്ഥലപരിശോധന നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആവശ്യമായ പരിശോധനകൾ നടത്തി അപാകത ബോധ്യപ്പെടുന്ന പക്ഷം വസ്തുനികുതി പുനർനിർണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

### 1-15 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള പാർപ്പിടങ്ങൾക്ക് ഇളവ് നൽകൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(I ) (ഐ), ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കിയിട്ടുണ്ട്. കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ഒരേ ഉടമസ്ഥന്റെ ഒരേ ഉപയോഗക്രമമുള്ള ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് തറവിസ്തൃതി അടിസ്ഥാനപ്പെടുത്തി മേൽ വ്യവസ്ഥ പ്രകാരം നികുതി ഒഴിവാക്കി നൽകിയതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | പേര് | വാർഡ്/കെട്ടിട.നം | വിസ്തീർണം |
|---|---|---|---|
| 1 | പി എസ് ബിന (പരുത്തപ്പാറ,ഇളംകാട്,ഇളങ്കാട് പി ഒ,) | 5/129A | താഴത്തെ നില-32.9ച.മീ |
| | | 5/132 | താഴത്തെ നില-16 ച.മീ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/10.06.2025) മറുപടിയായി സ്ഥലപരിശോധന നടത്തി അപാകത പരിഹരിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആവശ്യമായ പരിശോധനകൾ നടത്തി പഞ്ചായത്തിന് നികുതി നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തേണ്ടതും അപ്രകാരം സംഭവിച്ചിട്ടുള്ളപക്ഷം ഡിമാന്റിൽ ഉൾപ്പെടുത്തി നികുതി ഈടാക്കി റിപ്പോർട്ട്

ലഭ്യമാക്കേണ്ടതുമാണ്.

**1-16 വസ്തു നികുതിയിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു**

ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക ധനകാര്യ പത്രിക ബി 15 ഷെഡ്യൂൾ അനുസരിച്ച് വസ്തു നികുതിയിനത്തിൽ 12 ലക്ഷം രൂപയിലധികം കുടിശ്ശികയായി അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | 431100101 – Receivables For Property Tax Residential Buildings (Current) | 234794/- |
| 2 | 431100102 – Receivables For Property Tax Residential Buildings (Arrear) | 101917/- |
| 3 | 431100103 – Receivables For Property Tax – Non Residential Building (Current) | 259514/- |
| 4 | 431100104 – Receivables For Property Tax – Non Residential Building (Arrear) | 672288/- |
| | ആകെ | 1268513/- |

കുടിശ്ശിക തുകകൾ കണക്കിൽ മാത്രം നിലനിർത്തി നടപടികൾ അവസാനിപ്പിക്കുന്ന പ്രവണത അംഗീകരിക്കാവുന്നതല്ല. നികുതി ഈടാക്കൽ നടപടിയിലെ വീഴ്ച മൂലം കുടിശ്ശിക തുക കാലഹരണപ്പെടുന്നതു കൂടാതെ സർക്കാർ ഗ്രാന്റും നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തുന്ന ഇത്തരം നടപടിരാഹിത്യം അംഗീകരിക്കാവുന്നതല്ല. നികുതി കുടിശ്ശികകളുടെ നിവാരണത്തിന് അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-17 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണയിച്ചു**

ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തികവർഷത്തെ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന കെട്ടിടത്തിൽ റിസോർട്ട് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ സഞ്ചയയിലെ വിവരങ്ങൾ പ്രകാരം പ്രസ്തുത കെട്ടിടങ്ങളെ 'റിസോർട്ട്" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയല്ല വസ്തുനികുതി കണക്കാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ.) | സഞ്ചയ പ്രകാരം ഉപയോഗക്രമം | ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ഉപയോഗക്രമം | ഈടാക്കേണ്ട നികുതി നിരക്ക് | ഈടാക്കിയ നികുതി നിരക്ക് |
|---|---|---|---|---|---|---|---|
| 1 | ബിനോ പി എസ് പുളിപ്പുള്ളിൽ, മയനാട് (മൺ വീട് റിസോർട്ട്) | 4/140 E,F | 191.53 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ. | റിസോർട്ട് | 90 | 35 |

അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/10.06.2025) സമർപ്പിച്ച മറുപടിയിൽ ടി സ്ഥാപനത്തിന്റെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്തി നികുതി നഷ്ടം പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് തുടർനടപടികളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-18 ലൈസൻസ് കൂടാതെ ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നു.**

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 01-08-2022 ലെ നം.എൽഎസ് ജിഡി-ആർഡി1/47/2022 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതത് അധികാരപരിധിയിൽ 1963-ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ഒരു ജിംനേഷ്യവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിലെ 2024-25 സാമ്പത്തികവർഷത്തെ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ ജിംനേഷ്യങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ലായെങ്കിലും ഗ്രാമപഞ്ചായത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ജിംനേഷ്യങ്ങൾ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട് ( ഉദാ. കുട്ടിക്കൽ ചപ്പാത്തിനടുത്ത് പ്രവർത്തിക്കുന്ന ജിം) നിയമവിധേയമല്ലാതെ, ഇപ്രകാരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് അംഗീകരിക്കാവുന്നതല്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ മേൽ നിയമപ്രകാരമുള്ള ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങളെ കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-19 തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ**

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2024-25 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി ഇനം | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1 | Fr.Bodewing Special School | ജീവനക്കാരുടെ തൊഴിൽ നികുതി | 1,2 അർദ്ധ വർഷങ്ങൾ |
| 2 | അക്ഷയ സെന്റർ, എന്തയാർ | ജീവനക്കാരുടെ തൊഴിൽ നികുതി | 1,2 അർദ്ധ വർഷങ്ങൾ |
| 3 | അക്ഷയ സെന്റർ, കൂട്ടിക്കൽ | ജീവനക്കാരുടെ തൊഴിൽ നികുതി | 1,2 അർദ്ധ വർഷങ്ങൾ |
| 4 | ലിറ്റിൽ ബഡ്സ് പ്രൈമറി സ്കൂൾ, എന്തയാർ | ജീവനക്കാരുടെ തൊഴിൽ നികുതി | 1,2 അർദ്ധ വർഷങ്ങൾ |
| 5 | ശാന്തിഗിരി ആയുർവേദ ഹോസ്പിറ്റൽ | ജീവനക്കാരുടെ തൊഴിൽ നികുതി | 1,2 അർദ്ധ വർഷങ്ങൾ |

2.തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2024-25 വർഷം സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്തിന് 2500/-രൂപ കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാത്ത അർദ്ധ വർഷം | തുക |
|---|---|---|---|
| 1 | തനയാ ജനസേവയോജന, കുട്ടിക്കൽ | രണ്ടാം അർദ്ധവർഷം | 1250 |
| 2 | ഓർക്കിഡ് കൺസൾട്ടൻസി, കുട്ടിക്കൽ | രണ്ടാം അർദ്ധവർഷം | 1250 |
| ആകെ | | | 2500 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതിന വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/തീ. 10.06.2025) സമർപ്പിച്ച മറുപടിയിൽ, ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട് . 2024-25 വർഷത്തെ നികുതി നടപ്പ് വർഷം Prior Period Tax ശീർഷകത്തിൽ അടവാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-20 വിവിധ ആസ്തികളുടെ ലേലം - നടപടികളിൽ പുരോഗതിയില്ല

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ വിവിധ യോഗങ്ങളിൽ പഞ്ചായത്തിലെ വിവിധ ആസ്തികളുടെ ലേലവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ കൈകൊണ്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത ലേലവുമായി ബന്ധപ്പെട്ട വിവരങ്ങൾ ലേല രജിസ്റ്ററിലോ, ഫയലുകളിലോ ലഭ്യമല്ല. തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1) കപ്പിലാംമൂട് വാർഡിൽ പഞ്ചായത്ത് നടപ്പുവഴിയോട് ചേർന്ന് നിൽക്കുന്ന ആഞ്ഞിലിമരത്തിന്റെ ലേലം 08/10/2024 തീയതിയിൽ നടത്തിയിരുന്നു. വാല്യവേഷൻ തുക കൂടുതലാണ് എന്ന കാരണത്താൽ ആരും ലേലം കൈകൊണ്ടില്ല. തുടർനടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു. (09.10.2024/തീരുമാനം നമ്പർ 1(3))

2) കുട്ടിക്കൽ ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പ്രവർത്തന രഹിതമായ സോളാർ ലാമ്പുകളും, അവ ഘടിപ്പിച്ച പോസ്റ്റുകളും ഉപയോഗശൂന്യമായി നിൽക്കുന്നുണ്ട്. ആയത് അടിയന്തിരമായി നീക്കം ചെയ്ത് ലേലം ചെയ്യുന്നതിന തീരുമാനിച്ചു(31.12.2024/തീരുമാനം നമ്പർ 3(2))

സെക്രട്ടറിയെ ചുമതലപ്പെടുത്തിയ ടി ലേലങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ, ലേല ഡയറി എന്നിവ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 13/11.06.2025)സമർപ്പിച്ച മറുപടിയിൽ, ലേലനടപടികൾ സ്വീകരിച്ചെങ്കിലും മതിയായ തുക ലഭിക്കാഞ്ഞതിനാൽ ആസ്തി കൈയ്യൊഴിയാൻ കഴിഞ്ഞില്ലായെന്നും തുടർനടപടി സ്വീകരിച്ച് അറിയിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വനം- വന്യജീവി വകുപ്പിന്റെ 13.12.2024-ലെ ജി.ഒ(ആർ.ടി) 526/2024 നമ്പർ ഉത്തരവ് പ്രകാരം മരം മുറിച്ചു മാറ്റൽ, മൂല്യനിർണയം, ലേലനടപടികൾ തുടങ്ങി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറെ സങ്കീർണത സൃഷ്ടിച്ചിരുന്ന വിഷയങ്ങൾക്ക് സർക്കാർ വിശദമായ പൊതുമാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായിതുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 വളർത്തു നായകൾക്കുള്ള ലൈസൻസ്-നടപടി പ്രക്രിയകൾ പൂർണമല്ല

| പ്രോജക്ട് നം./പേര് | 1. പേവിഷബാധ നിർമാർജനം - 161/25 | 2. പേവിഷബാധ നിർമാർജനം - 123/25 |
|---|---|---|

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ |
| അടങ്കൽ തുക | ₹35,000/- (വികസന ഫണ്ട്-ജനറൽ) | ₹35,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് തുക | ₹32,242/- | ₹19,246/- |
| ബിൽ നം. & തീയതി | 195/16.05.24 – 32,242/- | 12/25.03.25 - 19246/- |

മേൽ പ്രോജക്ടുകൾ പ്രകാരം പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ വച്ച് 07.03.2024 മുതൽ 20.03.2024 തീയതി വരെ വളർത്തു നായകൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് എടുക്കുന്നതിനായി ക്യാമ്പ് നടത്തുന്നതിനായി വികസന ഫണ്ടിൽ നിന്നും ആകെ ₹51,488/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഏതൊക്കെ വാർഡുകളിൽ എത്ര എണ്ണം വീതം നായകളെയാണ് വാക്സിനേഷൻ നടത്തിയത് എന്നത് സംബന്ധിച്ച റിപ്പോർട്ടോ അതത് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രമോ പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയതായുള്ള റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല. വാക്സിനേഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രതിരോധ കുത്തിവെയ്പ്പ് എടുത്ത എല്ലാ നായകളുടെയും ഉടമസ്ഥർ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല. 51488/- രൂപ പ്രതിരോധ കുത്തിവെയ്പ്പിനായി ചെലവഴിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക ധനകാര്യ പത്രിക പ്രകാരം RP- 4 Fee & User Charges, 140110109 - ലൈസൻസ് ഫീ ഫോർ ഡോഗ്സ് എന്ന ഹെഡിൽ 950/-രൂപ മാത്രമാണ് വരവുള്ളത്. പ്രതിരോധ കുത്തിവയ്പ്പെടുത്ത എല്ലാ വളർത്തുനായകൾക്കും ഫീസ് അടച്ച് ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല. മേൽ പ്രോജക്ട് പ്രകാരം വാക്സിനേഷൻ നൽകിയ മുഴുവൻ നായകൾക്കും ലൈസൻസ് നൽകിയിരുന്നു എങ്കിൽ ലൈസൻസ് ഫീസ് ഇനത്തിൽ കൂടുതൽ വരവ് ഉണ്ടാകുമായിരുന്നു.

വാക്സിനേഷൻ നടത്തിയ നായകൾക്ക് എല്ലാം നിർബന്ധമായും ലൈസൻസ് നൽകുന്നതിന് പഞ്ചായത്ത് തുടർ നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ബഹു. കേരള ഹൈക്കോടതിയുടെ 14.07.2021, 19.07.2021 തീയതികളിലെ ഇടക്കാല ഉത്തരവ് നമ്പർ W.P(C) No.13204/2021 പ്രകാരം എല്ലാ ഇനത്തിലുമുള്ള വളർത്തു മൃഗങ്ങൾക്കും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുക്കേണ്ടതുണ്ട്. നായകളുടെ കടിയേൽക്കുന്ന വ്യക്തികൾക്ക് ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകേണ്ടി വന്ന സാഹചര്യവും ഇതോടു ചേർത്ത് കാണേണ്ട വസ്തുതയാണ്. നായ്ക്കളിൽ നിന്ന് പേവിഷബാധയേറ്റുള്ള മരണങ്ങൾ സംസ്ഥാനത്ത് അടുത്തിടെ വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ, ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.08.2021-ലെ RC3/241 നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനും മുഴുവൻ വളർത്തു നായകൾക്കും ലൈസൻസ് നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

### 1-22 ഇ-ടെൻഡർ ഫീസ് കുടിശ്ശിക ഇനിയും ലഭ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ വാർഷിക പദ്ധതിയിൽ (ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന) മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ നിലവിൽ കോട്ടയം ജില്ലാ പഞ്ചായത്ത് ഡിവിഷൻ എക്സി. എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കി വരുന്നത്. 2019-20 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഇപ്രകാരം ഒടുക്കിയിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഒടുക്കിയ തുക |
|---|---|
| 2019-20 | 5600/- |
| 2020-21 | 33,713/- |
| 2021-22 | 28814/- |
| 2022-23 | 28840/- |
| 2023-24 | 4000/- |
| 2024-25 | 41545/- |
| ആകെ | 142512/- |

പ്രസ്തുത രീതിയ്ക്ക് ഭേദഗതി വരുത്തി അതത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എൻജിനിയർമാരുടെ പേരിൽ ഒരു അക്കൗണ്ട് ആരംഭിച്ച് ടെൻഡർ ഫീസുകൾ പ്രസ്തുത അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാനും തുടർന്ന് അത് യഥാകാലം ഗ്രാമപഞ്ചായത്തിന് കൈമാറി നൽകാനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.10.2017-ലെ ജി.ഒ(എംഎസ്)3186/2017 നമ്പർ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. അസി. എൻജിനിയറുടെ പേരിൽ അത്തരമൊരു അക്കൗണ്ട് നിലവിലുണ്ടെങ്കിലും ടെൻഡർ ഫീസ് ഒടുക്കൽ നടപടിക്രമം പുതിയ രീതിയിലേക്ക് മാറിയിട്ടില്ല. ഇതിനോടകം എക്സി. എൻജിനിയറുടെ അക്കൗണ്ടിൽ ഒടുക്കിയ തുക തിരികെ ലഭ്യമാക്കാനും, നടപ്പ് സാമ്പത്തികവർഷം മുതൽ ഈയിനത്തിലെ ഇടപാടുകൾ പ്രസ്തുത അക്കൗണ്ട് മുഖേന നടത്താനും അതിലെ നീക്കിബാക്കി യഥാസമയം ഗ്രാമപഞ്ചായത്തിന് കൈമാറാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-23 ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.**

| | |
|---|---|
| പ്രോജക്ട് നം/പേര് | നം എസ് 18/25- എൻ.എച്ച്.എം ആയുഷ് ഹോമിയോ മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 250000 രൂപ (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് തുക | 250000 രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, കുട്ടിക്കൽ ഗ്രാമ പഞ്ചായത്ത് |

കുട്ടിക്കൽ എൻ.എച്ച്.എം ആയുഷ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി പ്രസ്തുത പദ്ധതി പ്രകാരം 250000/- രൂപ ഹോംകോയുടെ 34306403911നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിരുന്നു.(ബിൽ റഫറൻസ് നം 24080952002301142515/ 07.01.25). പരിശോധനക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം നാളിതുവരെ 122565/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ശേഷിക്കുന്ന 127435/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി വിവരമറിയിക്കുന്നതുവരെ 127435/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-24 ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നം /പേര് | നം എസ് 141/25- ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം |

| | |
|---|---|
| അടങ്കൽ തുക | 120000/- രൂപ (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് തുക | 105000/- രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, കൂട്ടിക്കൽ ഗ്രാമ പഞ്ചായത്ത് |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022-ലെ ജി.ഒ(എംഎസ്)115/2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 7.6.7 പ്രകാരം വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് ആഴ്ചയിൽ 1000 രൂപ നിരക്കിൽ പ്രതിമാസം 4000 രൂപ വരെ ആശുപത്രിക്ക് നൽകാവുന്നതാണ്. പരാമർശിത പദ്ധതി മുഖേന കൂട്ടിക്കൽ പഞ്ചായത്തിലെ 5 വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനായി വിവിധ ആശുപത്രികൾക്ക് തൻവർഷം 105000/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ശ്രീ. ആൽഫാ ലൂയിസ് എന്ന ഗുണഭോക്താവിന്റെ ഡയാലിസിസിനായി ബിൽ റഫറൻസ് നം-240809520023О1642669/22.03.2025 മുഖേന 25000/- രൂപ മുൻകൂറായി മാർ സ്ലീവ മെഡിസിറ്റിയുടെ 40239272114 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. എന്നാൽ പിന്നീട് ശ്രീ ആൽഫാ ലൂയിസ് താൻ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് മുഖേന പ്രസ്തുത ചികിത്സ തുടരാൻ ആഗ്രഹിക്കുന്നതായി ചൂണ്ടിക്കാട്ടി അപേക്ഷ സമർപ്പിക്കുകയും ധനസഹായം പ്രസ്തുത ആശുപത്രിയിലേക്ക് കൈമാറണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തുക പൂർണമായും മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിക്ക് കൈമാറിയിട്ടുണ്ട്. (ആശുപത്രി അധികൃതരുടെ 13.05.2025-ലെ കത്ത് എന്നിവ അനുസരിച്ച്, 2025 ഏപ്രിൽ ആദ്യ വാരം മുതൽ ടിയാൻ മുണ്ടക്കയം മെഡിക്കൽ മിഷൻ ആശുപത്രിയിലാണ് ഡയാലിസിസ് ചെയ്ത് വരുന്നത്). എന്നാൽ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല.

2) ശ്രീമതി ബ്രിജിത്ത് തോമസ് എന്ന വ്യക്തിയുടെ ഡയാലിസിസിനായി ബിൽ റഫറൻസ് നം-24080952002301294721/ 07.02.25 മുഖേന 20000/- രൂപ മേരി ക്യൻസ് ഹോസ്പിറ്റലിന്റെ 11308100000ll05 നമ്പർ അക്കൗണ്ടിലേക്ക് മുൻകൂറായി നൽകിയിരുന്നെങ്കിലും ആശുപത്രി അധികൃതരുടെ 23/05/2025 ലെ കത്ത് അനുസരിച്ച് പ്രസ്തുത ഗുണഭോക്താവ് 16/03/2025 ൽ മരണപ്പെട്ടിട്ടുള്ളതാണ്. എന്നാൽ മുൻകൂർ അനുവദിച്ച തുകയുടെ ക്രമീകരണം സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

പരാമർശിത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/11.06.25) സമർപ്പിച്ച മറുപടിയിൽ, മുൻകൂർ അനുവദിച്ച തുകയുടെ ക്രമീകരണം സംബന്ധിച്ച ബിൽ രേഖകൾ കൈമാറി നൽകുന്നതാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ശ്രീ ആൽഫാ ലൂയിസിന് അനുവദിച്ച ധന സഹായം പൂർണ്ണമായി വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും, ശ്രീമതി ബ്രിജിത്ത് തോമസിന് ഡയാലിസിസിന് ആവശ്യമായി വന്ന തുക ക്രമീകരിച്ച് ശേഷിക്കുന്ന തുക മേരി ക്വീൻസ് ആശുപത്രിയിൽനിന്ന് തിരികെ ഈടാക്കിയും വിവരമറിയിക്കേണ്ടതാണ്.

### 1-25 പാലിയേറ്റീവ് പരിചരണം - മെഡിക്കൽ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നം./പേര് | 118/25, പാലിയേറ്റീവ് പരിചരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി എച്ച് സി, കൂട്ടിക്കൽ ) |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ) - ₹600000 |

| | |
|---|---|
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം - ₹150000<br>ജില്ലാ പഞ്ചായത്ത് വിഹിതം - ₹150000 |
| ചെലവ് | ₹ 895120/- |
| ബിൽ നം. | 226/01.06.24 – ₹159800<br>259/24.07.24 – ₹120720<br>277/23.08.24 – ₹24720<br>279/05.09.24 - ₹95680<br>280/10.09.24 - ₹4560<br>334/02.11.24 - ₹24720<br>340/12.11.24 - ₹24720<br>393/12.12.24 - ₹61120<br>376/13.12.24 - ₹71280<br>412/04.01.25 - ₹60720<br>531/10.03.25 - ₹60320<br>412/04.01.25 - ₹100000<br>566/13.03.25 - ₹86760 |

പാലിയേറ്റിവ് കെയർ പ്രോജക്ടിന്റെ ഭാഗമായി കിടപ്പ് രോഗികൾക്ക് ആവശ്യമായ പരിചരണം ഉറപ്പാക്കുന്നതിന് മേൽ പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി 100000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 68772/- രൂപ മൂല്യമുള്ള മെഡിക്കൽ ഉപകരണങ്ങളാണ് നാളിതുവരെ സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത്. ലഭിച്ച് ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്തതിന്റെ വിശദാംശങ്ങളും ഹാജരാക്കിയിട്ടില്ല. ശേഷിക്കുന്ന 31228/- രൂപയ്ക്കുള്ള സാമഗ്രികൾകൂടി ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് സ്റ്റോക്ക് വിവരം സഹിതമുള്ള വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമാകാത്തതിനാൽ മേൽ പ്രോജക്ട് പ്രകാരം ചെലവഴിച്ച 31,228/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 വക്കീൽ ഫീസ്- ആദായ നികുതി ടി.ഡി.എസ് നടത്തുന്നില്ല

ഗ്രാമപഞ്ചായത്തിന് വിവിധ കോടതികളിൽ നിലവിലുള്ള കേസുകളിൽ ഹാജരായി തുടർനടപടികൾ സ്വീകരിച്ചതിന് പ്രതിഫലമായി അഡ്വ. ജോൺസൺ മാത്യുവിന് തൻവർഷം താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കേസ് നം | വക്കീൽ ഫീസിനത്തിൽ നൽകിയ തുക | വൗച്ചർ വിശദാംശങ്ങൾ |
|---|---|---|---|
| 1 | കേസ് നം- 62/21 മുനിസിഫ് കോടതി , ഈരാറ്റുപേട്ട | 12,000/- രൂപ | വൗച്ചർ നം-22400254/31.07.24-12000/- രൂപ |
| 2 | കേസ് നം- 114/21 മുനിസിഫ് കോടതി , ഈരാറ്റുപേട്ട | 24,000/- രൂപ | വൗച്ചർ നം-22400250/30.07.24-24000/- രൂപ |
| 3 | അപ്പീൽ നം- 486/21 ബഹു.ട്രൈബ്യൂണൽ | 15,000/- രൂപ | വൗച്ചർ നം-22400767/18.01.25-24000/- രൂപ |

| | | | |
|---|---|---|---|
| 4 | എൽ.എസ്.ജി.ഡി കേസ് നം-3247/19, 3250/19 മുൻസിഫ് കോടതി, ഈരാറ്റുപേട്ട | 10,000/- രൂപ | വൗച്ചർ നം-22400420/25.09.24-10000/- രൂപ |
| ആകെ | | 61,000/- രൂപ | |

1961-ലെ ആദായനികുതി നിയമം വകുപ്പ് 194 (ജെ) പ്രകാരം വക്കീൽ ഫീസിനത്തിൽ ഒരു അഭിഭാഷകന് നൽകുന്ന തുക 30000/- രൂപയിൽ അധികമാവുകയാണെങ്കിൽ 10% തുക ടി.ഡി.എസ് ഇനത്തിൽ ഈടാക്കേണ്ടതാണ്. എന്നാൽ ടി.ഡി.എസ് നടത്താതെയാണ് ഗ്രാമപഞ്ചായത്ത് പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന പദ്ധതി – നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

1. ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് മുൻ വർഷങ്ങളിൽ ധന സഹായം കൈപ്പറ്റിയിട്ടും പൂർത്തിയാക്കാത്തവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്റ്റേജ് | അനുവദിച്ച് നൽകിയ തുക | അവസാനം തുക അനുവദിച്ച് നൽകിയ തീയതി |
|---|---|---|---|---|
| 1. | മെറീന സുകുമാരൻ പുളിയാലിൽ ഇളംകാട് | ബേസ്മെന്റ് | 40,000/- | 14.08.2018 |
| 2. | കുട്ടിപ്പെണ്ണ് മാധവൻ കല്ലുഴത്തിൽ താളുങ്കൽ | ബേസ്മെന്റ് | 2,00,000/- | 08.05.2019 |
| 3. | ശ്യാമള മഠത്തിൽ കുട്ടിക്കൽ | വാൾപ്ലേറ്റ് | 3,00,000/- | 21.12.2023 |
| 4. | റോസമ്മ തോമസ് കറുകപ്പള്ളിൽ ഇളംകാട് | റൂഫ് | 3,60,000/- | 03.01.2024 |
| 5. | ലിസി ബേബിച്ചൻ തേക്കുംതോട്ടത്തിൽ കുട്ടിക്കൽ | വാൾപ്ലേറ്റ് | 3,00,000/- | 22.12.2023 |
| 6. | ശാന്തമ്മ വിശ്വൻ കാട്ടുതറ കുട്ടിക്കൽ | റൂഫ് | 3,60,000/- | 24.05.2023 |
| 7. | ഓമന. വി. പി വാര്യമറ്റം | ബേസ്മെന്റ് | 2,00,000/- | 31.10.2023 |

| | | | | |
|---|---|---|---|---|
| | താളങ്കൽ<br>ശ്രീലത. കെ. എസ് | | | |
| 8. | കിഴക്കേപുരയിൽ<br>പറത്താനം<br>അശ്വതിമോൾ. കെ. ബി | ബേസ്മെന്റ് | 1,60,000/- | 23.08.2024 |
| 9. | കോക്കന്നത്ത്<br>വല്ലീറ്റ<br>സതികൃഷ്ണൻ | റൂഫ് | 3,60,000/- | 30.06.2022 |
| 10. | കൃഷ്ണസദനം<br>ഇളംകാട് ടോപ്പ്<br>ഐഷ എം കെ | നിർമ്മാണം ആരംഭിച്ചിട്ടില്ല | 40,000/- | 19.01.2019 |
| 11. | കൈപ്പള്ളിയിൽ<br>കൂട്ടിക്കൽ<br>മനോജ് എം കെ | റൂഫ് | 3,60,000/- | 14.10.2024 |
| 12. | മുതലക്കുഴിയിൽ<br>താളങ്കൽ<br>ചെല്ലമ്മ ഭാസ്കരൻ | ബേസ്മെന്റ് | 87,833/- | 10.07.2024 |
| 13. | വട്ടയ്ക്കാട്ട്<br>ഇളംകാട് ടോപ്പ്<br>രഞ്ചു. വി | റൂഫ് | 3,60,000/- | 23.12.2023 |
| 14 | കൊല്ലക്കുഴിയിൽ<br>പറത്താനം<br>കനിമൊഴി വി | വാൾപ്ലേറ്റ് | 3,00,000/- | 29.01.2025 |
| 15. | പുത്തൻവീട്ടിൽ<br>ഏന്തയാർ<br>ഉഷ എ കെ | റൂഫ് | 3,60,000/- | 14.10.2024 |
| 16. | അമ്പിളി കിഴക്കേതിൽ<br>താളങ്കൽ<br>റെജി. കെ. രാജൻ | റൂഫ് | 3,50,754/- | 07.08.2024 |
| 17. | നെല്ലിക്കോത്ത്കിഴക്കേതിൽ<br>പ്ലാപ്പള്ളി<br>സിസിലി രാജൻ | നിർമ്മാണം ആരംഭിച്ചിട്ടില്ല | 40,000/- | 10.03.2023 |
| 18. | പാവ്വടത്ത്<br>പറത്താനം<br>ആർ മണി | റൂഫ് | 3,50,754/- | 14.03.2025 |
| 19. | ലക്ഷ്മി സദനം | റൂഫ് | 3,60,000/- | 21.07.2023 |

| | | | | |
|---|---|---|---|---|
| | ഏന്തയാർ<br>ജയറാണി | | | |
| 20. | ക്ലാക്കമോടിയിൽ<br>താളങ്കൽ<br>വിജയമ്മ ചന്ദ്രൻ | റൂഫ് | 3,60,000/- | 23.12.2023 |
| 21. | കരന്ത്രയിൽ<br>വല്ലീറ്റ<br>രാജമ്മ ഷാജൻ | റൂഫ് | 3,40,000/- | 16.10.2024 |
| 22. | കാരോട്ടുപാലയിൽ<br>പറത്താനം<br>രാജി എൻ കെ | നിർമ്മാണം ആരംഭിച്ചിട്ടില്ല | 40,000/- | 04.08.2021 |
| 23. | കാഞ്ഞിരത്തിങ്കൽ<br>കുട്ടിക്കൽ<br>അനമോൾ അനിൽ | റൂഫ് | 3,40,000/- | 12.08.2024 |
| 24. | മണിയംകുന്നേൽ<br>വല്ലീറ്റ<br>സുരദേവ്. പി. വി | റൂഫ് | 3,60,000/- | 29.03.2023 |
| 25. | പുത്തൻവിള<br>പറത്താനം<br>സൽമ മജീദ് | വാൾപ്ലേറ്റ് | 3,50,754/- | 16.10.2024 |
| 26. | കല്ലുപുരക്കൽ<br>കുട്ടിക്കൽ<br>തങ്കമണി | റൂഫ് | 3,40,000/- | 18.05.2023 |
| 27. | കട്ടപ്പറമ്പിൽ<br>കുട്ടിക്കൽ<br>ജൂലി സാബു | റൂഫ് | 3,40,000/- | 14.10.24 |
| 28. | പള്ളത്തുകുഴിയിൽ<br>ഇളംകാട്<br>രത്നമ്മ ടി കെ | റൂഫ് | 3,40,000/- | 10.07.24 |
| 29. | ചിലമ്പിൽ<br>കുട്ടിക്കൽ<br>കുട്ടിയമ്മ | റൂഫ് | 3,40,000/- | 10.07.24 |
| 30. | തവാരണയിൽ<br>പറത്താനം<br>ജാനു പി എസ് | റൂഫ് | 3,40,000/- | 10.07.24 |
| 31. | പനക്കല്ലേൽ<br>കുട്ടിക്കൽ | റൂഫ് | 3,60,000/- | 07.11.23 |

| | | | | |
|---|---|---|---|---|
| | ഉഷ വർഗീസ് | | | |
| 32. | പറപ്പിള്ളിൽ താളുങ്കൽ രാമചന്ദ്രൻ നായർ | വാൾ പ്ലേറ്റ് | 2,40,000/- | 28.03.25 |
| 33. | കൊളശ്ശേരിൽ ഇളംകാട് സൈനബ | റൂഫ് | 3,40,000/- | 10.07.24 |
| 34. | മങ്കര ചോറ്റി വനജ രാജൻ | നിർമ്മാണം ആരംഭിച്ചിട്ടില്ല | 40,000/- | 24.05.2023 |
| 35. | കുറ്റിക്കാട്ട് മൂന്നാം മൈൽ ഭാരതി മാധവൻ | റൂഫ് | 3,60,000/- | 07.08.24 |
| 36. | കൊട്ടേക്കാട്ടിൽ സുമ. സി. ജെ | റൂഫ് | 3,60,000/- | 14.10.24 |
| 37. | വറ്റുകൊട്ടയിൽ പ്ലാപ്പള്ളി സരസമ്മ വിജയൻ | നിർമ്മാണം ആരംഭിച്ചിട്ടില്ല | 40,000/- | 28.03.2023 |
| 38. | ചിറയിൽ പറത്താനം ലിജു | റൂഫ് | 3,50,754/- | 07.08.24 |
| 39. | പാണംപറമ്പിൽ കുട്ടിക്കൽ അനിത പി കെ | വാൾ പ്ലേറ്റ് | 3,00,000/- | 17.02.24 |
| 40. | കിഴക്കേപറമ്പിൽ താളുങ്കൽ ഗോപാലൻ | ബേസ്മെന്റ് | 1,60,000/- | 03.10.2023 |
| 41. | മണിങ്ങാട്ട് ഏന്തയാർ (പട്ടിക വർഗ്ഗ വിഭാഗം) | റൂഫ് | 5,20,000/- | 11.12.24 |

2. 2024 - 25 വർഷം ധനസഹായത്തിന്റെ ആദ്യ ഗഡു കൈപ്പറ്റിയ ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്താക്കളിൽ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പൊതുവിഭാഗം

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കരാർ തീയതി | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ ആകെ തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | വത്സമ്മ രാജപ്പൻ | 20.2.2024 | 10.7.24 | 3,60,000/- | മേൽക്കൂര |

| | | | | | |
|---|---|---|---|---|---|
| | പുത്തൻപുരക്കൽ | | | | പൂർത്തിയായി |
| 2 | ലൈല പാലക്കുന്നേൽ | 04.3.2024 | 10.7.24 | 3,40,000 | മേൽക്കൂര പൂർത്തിയായി |
| 3 | രാജമ്മ മണ്ഡപത്തിൽ | 16.3.2024 | 10.7.24 | 3,60,000 | മേൽക്കൂര പൂർത്തിയായി |
| 4 | സബിത സതീശൻ കൊച്ചുമാളിക്കൽ | 16.3.2024 | 10.7.24 | 3,60,000 | മേൽക്കൂര പൂർത്തിയായി |
| 5 | വി കെ പൊന്നമ്മ ചാന്നക്കുഴിയിൽ | 28.5.2024 | 22.1.25 | 2,00,000 | തറനിർമ്മാണം പൂർത്തിയായി |
| 6 | ഷെറീന ഇടത്തിൽ | 29.5.2024 | 10.7.24 | 3,60,000 | മേൽക്കൂര പൂർത്തിയായി |
| 7 | പത്മവല്ലി പാറാംതോട് ഇളംകാട് ടോപ്പ് | 15.7.2024 | 22.1.25 | 40,000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 8 | വിജയമ്മ ലക്ഷ്മി വിലാസം ഏന്തയാർ | 06.11.2024 | 22.1.25 | 2,00,000 | തറനിർമ്മാണം പൂർത്തിയായി |
| 9 | മുനീറാമോൾ നവാസ് ഹൌസ് ഏന്തയാർ | 12.12.2024 | 22.1.25 | 40,000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 10 | സബീന പി ഐ നവാസ് ഹൌസ് ഏന്തയാർ | 12.12.2024 | 22.1.25 | 40,000 | നിർമ്മാണം ആരംഭിച്ചിട്ടില്ല |

**പട്ടികജാതി വിഭാഗം**

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കരാർ തീയതി | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ ആകെ തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | രാധ ഉണ്ണി പടച്ചിറയിൽ പ്ലാപ്പള്ളി | 08.1.2024 | 06.6.24 | 2,00,000 | തറനിർമ്മാണം പൂർത്തിയായി |
| 2 | അനുപമ പുള്ളോലിൽ ഇളംകാട് | 29.9.2022 | 06.6.24 | 200000 | ഭവനനിർമ്മാണം ആരംഭിച്ചില്ല |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ സാഹചര്യം, നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. കൈപ്പറ്റിയ ധനസഹായം ദുരുപയോഗം ചെയ്തിട്ടുള്ളപക്ഷം നിയമാനുസൃത പലിശസഹിതം ഈടാക്കാനും, പരിഗണന അർഹിക്കുന്ന സാഹചര്യമെന്ന്

ബോധ്യപ്പെടുന്ന പക്ഷം ഉചിത നടപടികളിലൂടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സഹായകരമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-28 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2024-25 സാമ്പത്തിക വർഷം കുട്ടിക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായിരുന്ന വിവിധ നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ വിവരങ്ങൾ അതത് ഏജൻസികൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | കൈമാറിയ തുക | നിർവഹണ ഏജൻസി |
|---|---|---|---|
| 1 | പ്രോജക്ട് - നം 94/25- സ്ട്രീറ്റ് മെയിൻ വലിക്കൽ ചെലവ് - 1425000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 1425000 രൂപ (വൗച്ചർ നം- 22400509/ 15.10.2024- 1350012& വൗച്ചർ നം- 22401042/ 28.03.2025- 74988 രൂപ ) | |
| 2 | പ്രോജക്ട് - നം 248/25- ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ ചെലവ് - 35842 (ധനകാര്യ കമ്മീഷൻ അവാർഡ്) | 35842 രൂപ വൗച്ചർ നം- 22400879/ 21.02.2025 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ കുട്ടിക്കൽ |
| 3 | പ്രോജക്ട് - നം 321/25- ഗ്രാമ പഞ്ചായത്ത് ഓഫീസിലെ കുഴൽ കിണർ ക്ലീൻ ചെയ്യൽ ചെലവ് - 13095 (വികസന ഫണ്ട്- പൊതു വിഭാഗം) | 13095 രൂപ ബിൽ റഫറൻസ് നം- 240809520023015/ 25.03.25 | ഭൂജല വകുപ്പ്, കോട്ടയം |
| 4 | പ്രോജക്ട് - നം 258/25- ഗ്രാമ പഞ്ചായത്ത് | 279935 രൂപ വൗച്ചർ നം- 22401043 (ബാക്കി തുക (1935 രൂപ) | |

| | | | |
|---|---|---|---|
| | വക സ്ഥലത്ത് കുഴൽ കിണർ നിർമ്മാണം ചെലവ് - 279935 ((ധനകാര്യ കമ്മീഷൻ അവാർഡ്) | സർവ്വേ ഫീസ്) | |
| 5 | പ്രോജക്ട് - നം 300/25- വാർഡ്-8 കുഴൽ കിണർ നിർമ്മാണം ചെലവ് - 400000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 398065 രൂപ വൗച്ചർ നം- 22401025 (ബാക്കി തുക (1935 രൂപ) സർവ്വേ ഫീസ്) | |
| 6 | പ്രോജക്ട് - നം 326/25- കുഴൽ കിണറുകൾക്ക് മോട്ടോർ വാങ്ങൽ ചെലവ് - 200000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 200000 രൂപ വൗച്ചർ നം- 22401024/27.03.25 | |
| 7 | പ്രോജക്ട് - നം 176/25- ഉതള മൊട്ട അംഗനവാടി നിർമ്മാണം ചെലവ് - 700000 (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) | 700000 രൂപ റഫറൻസ് നം- 240809520023001778550000011/ 18.05.24 | എം.എൻ.ആർ.ഇ.ജി.എസ് സ്റ്റേറ്റ് മിഷൻ |
| | ആകെ | 3053872/- | |

വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കാത്തിനാൽ 3053872/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അവ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 ഹെൽത്ത് ഗ്രാന്റ് വിനിയോഗം – അവലോകനം

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് പതിനഞ്ചാം ധനകാര്യ

കമ്മീഷൻ 2021-22 മുതൽ 2025-26 വരെ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ നടന്നുവരികയായതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആർദ്രം മിഷനിലൂടെ ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് കേരളത്തിൽ സ്വീകരിച്ചിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | മാർഗരേഖയുടെ നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (Urban Local Bodies) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (Urban Local Bodies) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കെട്ടിടമില്ലാത്ത കുടുംബാരോഗ്യ/ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്. ഇത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ വഴിയാണ് നടപ്പാക്കേണ്ടത്. സ്കീമുകൾ താഴെ നൽകുന്നു.

<u>സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം</u>

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിട നിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

<u>സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം</u>

ബ്ലോക്ക് കുടുബാരോഗ്യങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൽക്ക് സഹായം നൽകൽ

<u>സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ</u>

പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയം സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുബാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സാഥാപനങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാല രോഗികൾക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ പരിശീലനവും ഉൾപ്പെടുന്നു.

സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

ഫണ്ട് വിശകലനം

കുട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്കീം | 21-22 | 22-23 | 23-24 | 24-25 |
|---|---|---|---|---|---|
| 1 | ബിൽഡിംഗ് ലെസ് സബ്സെന്റേഴ്സ്, പി.എച്ച്.സി, സി.എച്ച്.സി | 0 | 0 | 2775000 | 0 |
| 2 | ബ്ലോക്ക് ലെവൽ പബ്ളിക്ക് ഹെൽത്ത് യൂണിറ്റ് | 0 | 0 | 0 | 0 |
| 3 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റി 1.സബ് സെന്റേഴ്സ് | 0 | 248027 | 685000 | 286000 |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റി 2.പി.എച്ച്.സി | 0 | 0 | 0 | 0 |
| 4. | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി ആന്റ് സബ്സെന്റേഴ്സ് ഇൻ ടു ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ | 0 | 132961 | 302000 | 480000 |

- ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം പ്രതിഫലിക്കുന്നുണ്ട്.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിഭാവനം ചെയ്ത പദ്ധതികൾ

| വർഷം | പദ്ധതി | അടങ്കൽ തുക ( ₹ ) |
|---|---|---|
| 2021-22 | ഇല്ല | - |
| 2022-23 | 215/23 രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 248027 |
| | 216/23 ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുക | 132961 |
| 2023-24 | 213/24 ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുക (SO) | 132961 |
| | 212/24 രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (SO) | 248027 |
| | 227/24 രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 685000 |
| | 228/24ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുക | 302000 |
| 2024-25 | 295/25 രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (SO) | 65603 |
| | 291/25 ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുക (SO) | 132961 |
| | 294/25 ഹെൽത്ത് ഗ്രാന്റ് സ്കീം 1 - പറത്താനം പി എച്ച് സി കെട്ടിട നിർമ്മാണം | 2775000 |
| | 289/25 ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുക | 302000 |
| | 290/25 രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (SO) | 685000 |
| | 323/25 ഹെൽത്ത് ഗ്രാന്റ് - രോഗനിർണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 286000 |
| | 324/25 പി എച്ച് സി യിലും സബ്സെന്ററിലും ഹെൽത്ത് ആൻഡ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുക | 480000 |

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിഭാവനം ചെയ്ത പദ്ധതികളുടെ നിലവിലെ വിവരം

സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം- നടപ്പായ പദ്ധതികൾ

| വർഷം | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|
| 2024-25 | 294/25 ഹെൽത്ത് ഗ്രാന്റ് സ്കീം 1 - പറത്താനം പി എച്ച് സി കെട്ടിട നിർമ്മാണം | 2775000 | 550000 | കെട്ടിടത്തിന്റെ സ്ട്രക്ച്ചർ വരെയുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |

സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - നടപ്പായ പദ്ധതികൾ

| വർഷം | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|
| 2023-24 | 212/24 രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (SO) | 248027 | 182427 | അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ സാധനങ്ങൾ വാങ്ങുന്ന പദ്ധതി പൂർത്തിയായി. |
| 2024-25 | 295/25 രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (SO) | 65603 | 65603 | ടി |
| | 290/25 രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (SO) | 685000 | 439379 | ടി |

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - നടപ്പായ പദ്ധതികൾ

| വർഷം | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|
| 2024-25 | 291/25 ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ്സ് | 132961 | 132961 | പദ്ധതി പൂർത്തിയായി. |

| | | |
|---|---|---|
| പ്രവർത്തനങ്ങൾ നടപ്പാക്കുക (SO) 289/25 ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുക | 302000 141049 ടി | 1 |

**ഫണ്ട് വിനിയോഗം**

കുട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെ വിവിധ സ്കീമുകളിൽ ലഭ്യമായ ഹെൽത്ത് ഗ്രാന്റുകളുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് 2021/22 | 22-23 | 23-24 | 24-25 | ആകെ | ചെലവഴിച്ച തുക 2021/22 | 22-23 | 23-24 | 24-25 | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Support For Diagnostic Infrastructure | Nil | 248027 | 685000 | 286000 | 1219027 | 0 | 0 | 182427 | 504982 | 687409 | 531618 |
| 2 | Grant For Rural Health & Wellness Centres | Nil | 132961 | 302000 | 480000 | 914961 | 0 | 0 | 0 | 274010 | 274010 | 640951 |
| 3 | Construction Of Building To Health Sub Centres | Nil | Nil | 2775000 | Nil | 2775000 | Nil | Nil | Nil | 550000 | 550000 | 2225000 |
| Total | | | | | | 4908988/- | | | | | 1511419/- | *3397569/- |

*ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭിച്ച തുകയിൽ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ പലിശ (156206/-) ഉൾപ്പടെ 35,53,775/- രൂപ 31.03.25 വരെ ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി യൂണിയൻ ബാങ്കിന്റെ മുണ്ടക്കയം ശാഖയിൽ താഴെപ്പറയും പ്രകാരം മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം. |
|---|---|
| സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ | 337102010017802 |

| | |
|---|---|
| ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | |
| സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 337102010017801 |
| സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 337102010017800 |

അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസറുമാണ് നിർവ്വഹിക്കുന്നത്. 2022-23, 2023-24 വർഷങ്ങളിലായി ആകെ 6 പ്രോജക്ടുകൾ വിഭാവനം ചെതിരുന്നെങ്കിലും സ്കീം 3 പ്രകാരമുള്ള ഒരു പ്രോജക്ട് മാത്രമാണ് നടപ്പാക്കിയത്. സ്കീം 1, സ്കീം 4 പ്രോജക്ടുകൾ 2024-25 വർഷം മാത്രമാണ് നടപ്പിലാക്കുവാനായി പഞ്ചായത്തിന് സാധിച്ചിട്ടുള്ളത്. കുട്ടിക്കൽ കുടുംബാരോഗ്യകേന്ദ്രത്തിനും പറത്താനം പ്രാഥമികാരോഗ്യകേന്ദ്രത്തിനുമായി നിലവിൽ 3 ഉപകേന്ദ്രങ്ങളാണുള്ളത്. കുട്ടിക്കൽ സി എച് സി സബ് സെന്ററിന് സ്വന്തമായി കെട്ടിടം ഇല്ല. 2024-25 ൽ പറത്താനം പി എച്ച് സി യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം 3 പ്രകാരം പരിശീലനം പ്രസ്തുത ഗ്രാന്റ് വിനിയോഗിച്ച് നൽകിയിട്ടില്ല. സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. 2024-25 സാമ്പത്തിക വർഷത്തിൽ സ്കീം-4 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ പദ്ധതി കാര്യക്ഷമമായി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കേണ്ട ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായ പ്രോത്സാഹിപ്പിക്കൽ പരിപാടികൾ നടത്തുന്നുണ്ട്. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്. കുട്ടിക്കൽ എച്ച് എഫ് സിയിൽ ലാബ് പ്രവർത്തനം നടത്തുന്നുണ്ട്. ഹെൽത്ത് ഗ്രാന്റ് മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ ടെസ്റ്റുകളും നടത്തുന്നതിന് പറത്താനം പി എച്ച് സിയിലും മറ്റ് ഉപകേന്ദ്രങ്ങളിലും സംവിധാനമില്ല. ഹെൽത്ത് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരമുള്ള 64 ടെസ്റ്റുകളിൽ, അഞ്ചോളം ടെസ്റ്റുകൾ മാത്രമാണ് നിലവിൽ പറത്താനം പി എച് സി യിൽ ചെയ്തുവരുന്നത്.

